©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 സെപ്റ്റംബർ 11<br>11th September 2018<br>1194 ചിങ്ങം 26<br>26th Chingam 1194<br>1940 ഭാദ്രം 20<br>20th Bhadra 1940 | നമ്പർ<br>No. 36 |

## PART III

# Dairy Development Department

**ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : ജോസ് ജേക്കബ്)

നമ്പർ സി2-1580/2018. 2018 ആഗസ്റ്റ് 13.

വിഷയം:—ക്ഷീര വികസന വകുപ്പ്—എറണാകുളം—ചെറിയകടവ് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 218 (ഡി) ആപ്‌ക്കോസ് സമാപ്തീകരിക്കുന്നതിനായി കേരള സഹകരണ സംഘം നിയമം വകുപ്പ് 72 (1) പ്രകാരം ലിക്വിഡേറ്ററായി പള്ളുരുത്തി ക്ഷീരവികസന ഓഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:—1. പള്ളുരുത്തി ക്ഷീരവികസന ഓഫീസറുടെ സെക്ഷൻ 66 പ്രകാരമുള്ള എൻക്വയറി റിപ്പോർട്ട്.

2. ഈ കാര്യാലയത്തിൽ നിന്നുള്ള 2-7-2018-ലെ ഇതേ നമ്പർ കത്ത്.

3. ഈ കാര്യാലയത്തിൽ നിന്നുള്ള 16-12-2017-ലെ ഡി-4329/2016 നമ്പർ കത്ത്.

പള്ളുരുത്തി ബ്ലോക്കിലെ ചെറിയകടവ് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 218 (ഡി) ആപ്‌ക്കോസ് 3-8-1992-ന് രജിസ്റ്റർ ചെയ്തിട്ടുള്ളതും പിന്നീട് പ്രവർത്തനം നിലച്ചിട്ടുള്ളതുമാണ്. നിലവിൽ വളരെക്കാലമായി സംഘം പ്രവർത്തനരഹിതമാണ്. സംഘത്തെ സംബന്ധിച്ച് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയതിൽ സംഘത്തെ സംബന്ധിച്ച രേഖകളോ രജിസ്റ്ററുകളോ കണ്ടെത്താനായിട്ടില്ല എന്നും സംഘം പുനരുദ്ധരിക്കാൻ സാദ്ധ്യത ഇല്ല എന്നും ഒന്നാം പരാമർശ പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട ഒരു കത്ത് സൂചന (2) അനുസരിച്ച് DCB, SSU മേഖല യൂണിയൻ എന്നിവർക്ക് നൽകിയെങ്കിലും നാളിതുവരെ മറുപടിയൊന്നും ലഭ്യമായിട്ടില്ല. ആയതിനാൽ സംഘം സമാപ്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ 1969-ലെ കേരള സഹകരണ സംഘം നിയമം 71 (2) പ്രകാരം സ്വീകരിക്കാവുന്നതാണെന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു.

**ഉത്തരവ്**

മേൽ സാഹചര്യത്തിൽ ചെറിയകടവ് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 218 (ഡി) 1969-ലെ കേരള സഹകരണ സംഘം നിയമം 71 (2) വകുപ്പനുസരിച്ച് സമാപ്തീകരിക്കുന്നതിനായി കേരള സഹകരണ സംഘം നിയമം 72 (1) വകുപ്പനുസരിച്ച് പള്ളുരുത്തി ക്ഷീരവികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്ററുടെ കാലാവധി ഈ ഉത്തരവ് തീയതി മുതൽ പന്ത്രണ്ട് മാസം ആയിരിക്കുന്നതും, നിശ്ചിത കാലാവധിക്കകം സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി ക്രമീകരിക്കേണ്ടതും ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കി പ്രസ്തുത വിവരങ്ങൾ രേഖാമൂലം ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ഓപ്പറേഷൻ സപ്പോർട്ട് ഇനത്തിൽ അനുവദിക്കപ്പെട്ട ` 25,000 സർക്കാരിലേക്ക് തിരിച്ചടക്കാനുള്ള അനുമതി സൂചന (3) പ്രകാരം നൽകിയിരുന്നു. ലിക്വിഡേറ്ററുടെ അധികാരം വിനിയോഗിച്ചുകൊണ്ട് പ്രസ്തുത തുക ട്രഷറിയിലേക്ക് തിരിച്ചു അടയ്ക്കാവുന്നതാണ്.

ക്ഷീര വികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, എറണാകുളം.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.

---

REGISTRATION CERTIFICATE

No. C-4090/2017. *13th August 2018.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the particulars which are furnished under the categorical statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye-laws of the undermentioned society is also hereby registered under the said section.

തരംതിരിച്ചുള്ള പട്ടിക

1. സംഘത്തിന്റെ പേര്—മാട്ടൂൽ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ സി 257 (ഡി) ആപ്കോസ്.
2. രജിസ്റ്റർ ചെയ്ത തീയതി—13-8-2018.
3. മേൽവിലാസം—മാട്ടൂൽ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ സി 257 (ഡി) ആപ്കോസ്, മാട്ടൂൽ പി. ഒ.
4. താലൂക്ക്—പയ്യന്നൂർ
5. ജില്ല—കണ്ണൂർ.
6. പ്രവർത്തന പരിധി—മാട്ടൂൽ പഞ്ചായത്തിലെ 11, 12 വാർഡുകൾ
7. ബാദ്ധ്യത—ക്ലിപ്തം.
8. പ്രധാന ഉദ്ദേശ്യങ്ങൾ—പാൽ സംഭരണവും വിതരണവും.
9. അംഗീകൃത ഓഹരി മൂലധനം—` 25,000.
10. സംഘത്തിന് ആകെ വാങ്ങാവുന്ന കടം—വായ്പകളുടെയും നിക്ഷേപങ്ങളുടേയും ആകെ തുക, ഓഹരി മൂലധനം, സഞ്ചിതമായ കരുതൽ ധനം, കെട്ടിടനിധി എന്നിവയുടെ തുകയിൽ നിന്നും സഞ്ചിതമായ നഷ്ടങ്ങൾ കുറച്ചിട്ടുള്ള തുകയുടെ പത്തിരട്ടിയിൽ കവിയാൻ പാടുള്ളതല്ല.

ക്ഷീരവികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കണ്ണൂർ.

**ജെയിൻ ജോർജ്ജ്,**
ഡെപ്യൂട്ടി ഡയറക്ടർ.

---